പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8275 | 25/07/2012-ൽ മറുപടിയ്ക്ക്

**ശബരിമല മാസ്റ്റർപ്ലാൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| (എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുവാൻ എത്ര രൂപയുടെ ബജറ്റാണ് വേണ്ടി വരിക ; | (എ) ആദ്യഘട്ടം നടപ്പിലാക്കുവാൻ 1500 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) ഈ ഫണ്ട് ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) അയ്യപ്പ ഭക്തന്മാർ, പൊതുജനങ്ങൾ, സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരുകൾ., ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും നിന്നുള്ള സംഭാവനകൾ എന്നിവയിലൂടെ ഫണ്ട് സ്വരൂപീക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതുവരെ ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ നൽകുമോ ; | (സി) കേരള സർക്കാർ, ദേവസ്വം ബോർഡ് എന്നിവയിൽ നിന്നും സംഭാവന ഇനത്തിലുമായി 2012 മാർച്ച് 31 വരെ 18,36,44,298/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഈ ഫണ്ട് ഉപയോഗിച്ച് ഇതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ഡി) ഹൈപവർ കമ്മിറ്റി മുഖാന്തിരം ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ശബരിമലയിൽ ബെയ്‌ലി ബ്രിഡ്ജും ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡ്, ശബരി പീഠത്തിനും മരക്കൂട്ടത്തിനും ഇടയിലുള്ള ക്യൂ കോംപ്ലക്സ് എന്നിവ കഴിഞ്ഞ സീസണോടനു ബന്ധിച്ച് ആരംഭിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) ഏതൊക്കെ പദ്ധതികൾക്കാണ് സ്പോൺസർമാരെ ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് സംഭാവനകൾക്കായി പരിശ്രമിച്ചതിൽ നിലയ്ക്കലിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ശ്രീ. എം.എ.എം. രാമസ്വാമി, പ്രസിഡന്റ്, രാജാ അണ്ണാമലയ്പുരം, ശ്രീഅയ്യപ്പസ്വാമി ട്രസ്റ്റ് ചെന്നൈ 10 ലക്ഷം രൂപ സംഭാവന നൽകിയിട്ടുണ്ട്. ശബരിമലയിൽ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് അവിടുത്തെ ജലസ്രോതസ്സായ കുന്നാർ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ശ്രീ. ആർ.കെ. കൃഷ്ണകുമാർ, വൈസ് ചെയർമാൻ, ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡ്, മുംബൈ നിർവ്വഹിക്കാമെന്ന് സമ്മതിച്ചിട്ടുള്ളതും ആയതിന്റെ അനുമതി നൽകിയിട്ടുള്ളതുമാണ്. മറ്റു സംഭാവനകൾ പൊതുഫണ്ടിലേക്കാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ